(ബി) ഈ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും കമ്മിറ്റി രൂപീകൃതമായശേഷം എത്ര തവണ യോഗം കൂടിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടിയ ആദ്യ കമ്മിറ്റിയിൽ ഏതെല്ലാം അംഗങ്ങൾ പങ്കെടുത്തുവെന്നും ഏതെല്ലാം പണികളെ സംബന്ധിച്ച് ചർച്ച നടത്തിയെന്നും ഇതിൽ ഏതെല്ലാം പണികൾക്ക് അംഗീകാരം നൽകാനുള്ള നിർദ്ദേശമാണ് ഉണ്ടായതെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) 20-4-1988-ലാണ് സർക്കാർ തലത്തിലുള്ള ടെൻഡർ കമ്മിറ്റി രൂപീകൃതമായത്. ഇത് ഇപ്പോഴും നിലവിലുണ്ട്.

(ബി) കമ്മിറ്റിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-1 (എ)യും 2 (ബി)യും ആയി ചേർത്തിരിക്കുന്നു.†

(സി) ഇറിഗേഷൻ സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹത്തിന്റെ പ്രതിനിധി, ഇറിഗേഷൻ ചീഫ് എൻജിനീയർ, ടെൻഡർ കമ്മിറ്റിയുടെ പരിഗണനയിൽ വരുന്ന ജോലിയുമായി ബന്ധപ്പെട്ട ചീഫ് എൻജിനീയർ എന്നിവരെയാണ് 31-7-1989-ലെ ജി.ഒ. (എം. എസ്.) 15/89/ ഐ.ആർ.ഡി. ഉത്തരവ് പ്രകാരം കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25 തവണ യോഗം കൂടിയിട്ടുണ്ട്. മുൻസർക്കാരുകളുടെ കാലത്ത് എത്ര തവണ യോഗം കൂടി എന്നതിന്റെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ഡി & ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടിയ ആദ്യത്തെ ടെൻഡർ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവരുടേയും ചർച്ച ചെയ്ത് തീരുമാനിച്ച പണികളുടേയും വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന മിനിട്സ് അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.*

പൊതു വാട്ടർ ടാപ്പുകൾ

74 (1986) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ മേപ്പയൂർ നിയോജക മണ്ഡലത്തിൽ എത്ര പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിച്ചു നൽകിയിട്ടുണ്ട് ;

(ബി) ഇതെല്ലാം ഇപ്പോഴും പ്രവർത്തനയോഗ്യമാണോ ;

---

†അനുബന്ധം VII (a,b)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പൈപ്പുലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനും വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ടി എത്ര അപേക്ഷകൾ ഇപ്പോൾ ജല അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട് ;

(ഡി) ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 595 എണ്ണം.

(ബി) ഇവയിൽ ഇപ്പോൾ 351 എണ്ണം പ്രവർത്തനയോഗ്യമാണ്.

(സി) 125 അപേക്ഷകൾ

(ഡി) നിലവിലുള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്ന അപേക്ഷകൾക്ക് പദ്ധതിയുടെ ജല സ്രോതസ്സിന്റെ ലഭ്യതയും, നിർദിഷ്ട സ്ഥലത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടാൻ സാങ്കേതികമായ സാദ്ധ്യതയും പരിശോധിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ടാപ്പ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രമേയങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടാപ്പുകൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

കുഴൽ കിണറുകൾ

75 (1987) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-1998, 1998-1999 വർഷങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ തിരുവനന്തപുരം ജില്ലയിൽ എത്ര കുഴൽ കിണറുകൾ വീതം കുഴിക്കണമെന്നാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇതിൽ എത്ര കിണറുകൾ വീതം കുഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ശുദ്ധജലവിതരണ പദ്ധതി പ്രകാരം പ്രസ്തുത കാലയളവിൽ പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികളിലും പൊതുവായും എത്ര പദ്ധതികൾ വീതം ഏറ്റെടുത്തിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഇ) പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിക്കുന്ന പദ്ധതി, ഭൂജലവകുപ്പിനുണ്ടായിരുന്നത് 1996-1997 മുതൽ ജില്ലാ പഞ്ചായത്തിന് കൈമാറുകയുണ്ടായി. എന്നിരുന്നാലും സർക്കാരിന്റെയും നഗരസഭയുടെയും ഫണ്ടുപയോഗിച്ച് 1997-1998-ൽ നൂറ് കുഴൽ കിണറുകളും 1998-1999-ൽ അമ്പത് കുഴൽ കിണറുകളും കുഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിനുപുറമേ 1997-1998-ൽ 22 കുഴൽ കിണറുകളും 1998-1999-ൽ 11 കുഴൽ കിണറുകളും കുഴിക്കുവാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly